(സി) കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ നീർമറി വികസന പദ്ധതി 228 വാട്ടർഷെഡുകളിലും, കുന്ദാനദീതട പദ്ധതി 31 വാട്ടർ ഷെഡുകളിലും നബാർഡ് സാമ്പത്തിക സഹായത്തോടുകൂടി ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ നാളിതുവരെ 110 വാട്ടർ ഷെഡുകളിലും പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) പരിപൂർണ്ണ ജനപങ്കാളിത്തം ഉറപ്പാക്കിയും, ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചും പരമാവധി പ്രയോജനപ്രദമായ രീതിയിലാണ് നീർത്തട പദ്ധതികൾ നടപ്പിലാക്കുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വിവിധ തലങ്ങളിൽ ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിക്കുന്നുണ്ട്.

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ നീർമറി വികസന പദ്ധതി 158754 ഹെക്ടർ സ്ഥലത്തും കുന്ദാനദീതട പദ്ധതി 30545 ഹെക്ടർ സ്ഥലത്തും കബനി നദീതട പദ്ധതി 2460 ഹെക്ടർ സ്ഥലത്തും നടപ്പിലാക്കിയിട്ടുണ്ട്. അതുപോലെ സംസ്ഥാന പദ്ധതികളായ ആർ.ഐ.ഡി.എഫ്. ശുദ്ധജല വിതരണ പദ്ധതികളുടെ ജലസംഭരണി പ്രദേശത്തെ മണ്ണു സംരക്ഷണ പദ്ധതി എന്നിവ 31000 ഹെക്ടർ സ്ഥലത്തും നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിൽ നടത്തിയ അവലോകനങ്ങളിൽ വിളയുടെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത മുതലായവ കൂടിയതായും, ഭൂഗർഭ ജലത്തിന്റെ തോത് വർദ്ധിച്ചതായും കണ്ടിട്ടുണ്ട്. കൂടാതെ വേനൽക്കാലത്ത് അനുഭവപ്പെടുന്ന വരൾച്ചയുടെ കാഠിന്യം കുറഞ്ഞതായും കുടിവെള്ള ലഭ്യത കൂടുന്നതായും അനുഭവപ്പെട്ടിട്ടുണ്ട്. ഇതിനെല്ലാം പുറമെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും തൊഴിൽദിനങ്ങൾ കൂട്ടാനും ഈ പദ്ധതികൾ മുഖേന കഴിഞ്ഞിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ നീർത്തടാധിഷ്ഠിത പദ്ധതികൾ

73 [4808] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും നീർത്തടാധിഷ്ഠിത പദ്ധതികളുടെ പ്രവർത്തനം നടക്കുന്നുണ്ടോ;

(ബി) കണ്ണൂർ ജില്ലയിലെ പെരിങ്ങളം നിയോജക മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പഞ്ചായത്തുകളിൽ ഈ പദ്ധതിക്ക് എത്ര സംഖ്യ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര പേർക്കാണ് ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എല്ലാ പഞ്ചായത്തുകളിലും പ്രവർത്തനം നടക്കുന്നില്ല. കണ്ണൂർ ജില്ലയിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ 5 വാട്ടർ ഷെഡുകളും ദേശീയ നീർമറി വികസന പദ്ധതിയുടെ 10-ാം ഘട്ടത്തിൽ 2 വാട്ടർ ഷെഡുകളുമാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെരിങ്ങളം നിയോജക മണ്ഡലത്തിൽ നീർത്തടാധിഷ്ഠിത പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നില്ല.

(സി, ഡി) ബാധകമല്ല.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ റാങ്ക്ലിസ്റ്റ്

74 [4810] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിൽ നിയമിക്കുന്നതിനുവേണ്ടി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ തെരഞ്ഞെടുത്ത പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ?

ഉത്തരം

നിലവിലുണ്ട്.

മിൽമ ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും ശേഖരിച്ച് വിപണനം ചെയ്യുന്ന പാലിന്റെ അളവ്

75 [4811] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ ഇപ്പോൾ പ്രതിദിനം എത്ര ലിറ്റർ പാൽ ക്ഷീര സഹകരണ സംഘ ങ്ങളിൽനിന്നും ശേഖരിച്ച് വിപണനം ചെയ്യുന്നു;

(ബി) മേഖലാ യൂണിയനുകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും എത്ര ലിറ്റർ പാൽ ശേഖരിക്കുന്നു ണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും സ്വകാര്യ ഏജൻസിയിൽ നിന്നുള്ള പാൽ, മേഖലാ യൂണിയനുകൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003 ജൂലായ് 1-ാം തീയതി മുതൽ 20-ാം തീയതി വരെയുള്ള കണക്കുകൾ പ്രകാരം ക്ഷീര സംഘങ്ങളിൽനിന്നും മിൽമ സംഭരിക്കുന്ന പാലിന്റെ പ്രതിദിന ശരാശരി 660885 ലിറ്ററും, വിപണനം ചെയ്യുന്ന പാലിന്റെ പ്രതിദിന ശരാശരി 724083 ലിറ്ററും ആണ്.

(ബി) തിരുവനന്തപുരം മേഖലാ യൂണിയൻ

ശേഖരണം	..	236318 ലിറ്റർ
വിപണനം	..	317390 ലിറ്റർ

എറണാകുളം യൂണിയൻ

ശേഖരണം	..	172072 ലിറ്റർ
വിപണനം	..	173636 ലിറ്റർ

LIBRARY ARCHIVES Kerala Legislative Assembly